## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.ടി.കെ.മുഹമ്മദ് അനുവദിച്ച ശൂന്യവേതനാവധിയുടെ അനുഭവിക്കാത്ത ഭാഗം റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

# തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം.**2892**/2016/തസ്വഭവ തീയതി, തിരുവനന്തപുരം,**17/10/2016**

---

പരാമർശം: 1. സ.ഉ(സാധാ) നം. 2498/2011/തസ്വഭവ തീയതി 31/10/2011

2.. ശ്രീ.ടി.കെ.മുഹമ്മദിന്റെ 25/05/2016 ലെ അപേക്ഷ.

3. പഞ്ചായത്ത് ഡയറക്ടറുടെ 17/08/2016 ലെ ഇ 22353/16 നമ്പർ കത്ത്.

## ഉത്തരവ്

എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.ടി.കെ.മുഹമ്മദിന് വിദേശത്ത് മെച്ചപ്പെട്ട ജോലിയ്ക്കായി പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. ടിയാൻ 10/04/2012 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ചെയ്തു. എന്നാൽ അവധിക്കാലയളവ് തീരുന്നതിന് മുമ്പ് 01/04/2016 ൽ ജോലിയിൽ പുനഃപ്രവേശിക്കുകയും ചെയ്തു. ആയതിനാൽ ടിയാന് അനുവദിച്ച ശൂന്യവേതനാവധിക്കാലയളവിൽ ടിയാൻ വിനിയോഗിക്കാത്ത 01/04/2016 മുതലുള്ള ശൂന്യവേതനാവധി കാലയളവ് റദ്ദ് ചെയ്യുന്നതിന് പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.ടി.കെ.മുഹമ്മദിന് പരാമർശം 1 പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയുടെ അനുഭവിക്കാത്ത 01/04/2016 മുതൽ 09/04/2017 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി.എസ്**

**ഗവ.അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, അശമന്നൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ശ്രീ.ടി.കെ.മുഹമ്മദ്, ക്ലാർക്ക്,അശമന്നൂർ ഗ്രാമപഞ്ചായത്ത്,എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(161/ഇപിഎ 1/16/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ